# കുലപ്പാട്ടം ഉപേക്ഷിച്ചാൽ
# നല്ല തെങ്ങ് കിട്ടും


**സണ്ണി ജോർജ്**

ചെറുപുഴ

നിലവിൽ കള്ളിനുവേണ്ടി ടാപ്പ് ചെയ്യുമ്പോൾ കർഷകന് കുലപ്പാട്ടമാണ് കിട്ടുന്നത്. അതുകൊണ്ടുതന്നെ കായ്ഫലമില്ലാത്ത തെങ്ങുകൾ മാത്രമാണ് ചെത്താനായി നൽകാറുള്ളത്. എന്നാൽ ഇതുവഴി കള്ളിന്റെ ഉത്പാദനം കുറയുമെന്ന കാര്യം നാം തിരിച്ചറിയണം.

നാളികേരക്കൃഷി രൂക്ഷമായ പ്രതിസന്ധി നേരിടുകയാണ്. ഉത്പാദനച്ചെലവ് 25 വർഷംകൊണ്ട് 25 ഇരട്ടിയായി. അതേസമയം നാളികേരത്തിന്റെ വില പകുതി താഴ്ന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരകർഷകനെ നാളികേര ഉത്പാദനരംഗത്തു നിലനിറുത്താൻ പുത്തൻ ആശയങ്ങളും പദ്ധതികളും അനിവാര്യമാണ്.

ഇന്ന് ഏറെ ചർച്ചവിഷയമായിരിക്കുന്ന നീര എന്ന അമൃതിന്റെ പ്രസക്തി ഇവിടെയാണ്. തെങ്ങിന്റെ പൂങ്കലയിൽനിന്ന് ടാപ്പു ചെയ്തെടുക്കുന്ന നീര ആൽക്കഹോൾരഹിതവും 200 മില്ലിലിറ്ററിൽനന്നും ഒരു നേരത്തെ ആഹാരത്തിൽ നിന്നുള്ള ഊർജം നൽകുന്നതുമായ ഒരു ഉത്തമ ആരോഗ്യപാനീയമാണ്. ആരോഗ്യമുള്ള തെങ്ങിൽ നിന്ന് പ്രതിദിനം ശാരാശരി 2.5 ലിറ്റർ നീര ഉത്പാദിപ്പിക്കാം 120 ദിവസത്തെ ഉത്പാദനം കിട്ടിയാൽ തന്നെ 300 ലിറ്റർ നീര കിട്ടും. അതായത് ലിറ്ററിനു 100 രൂപ നിരക്കിൽ 30000 രൂപയുടെ നീര . നിലവിൽ കള്ളിനുവേണ്ടി ടാപ്പ് ചെയ്യുമ്പോൾ കർഷകന് കുലപ്പാട്ടമാണ് കിട്ടുന്നത്. അതുകൊണ്ടുതന്നെ കായ്ഫലമില്ലാത്ത തെങ്ങുകൾ മാത്രമാണ് ചെത്താനായി നൽകാറുള്ളത്. എന്നാൽ ഇതുവഴി കള്ളിന്റെ ഉത്പാദനം കുറയുമെന്ന കാര്യം നാം തിരിച്ചറിയണം. എന്റെ തോട്ടത്തിൽ ഇക്കാര്യം പരീക്ഷിച്ചുതെളിഞ്ഞതാണ്. നല്ല ഒമ്പതു തെങ്ങിൽ നിന്ന് 40 ലിറ്റർ നീര കിട്ടുകയുണ്ടായി.കുലപ്പാട്ട രീതി ഉപേക്ഷിക്കുന്നതുവഴി ഈ പ്രശ്നം പരിഹരിക്കാം.



വളരെ ചിട്ടയോടും കർശന നിയന്ത്രണത്തിലും നടത്തേണ്ട ഒരു കാര്യമാണ് നീരടാപ്പിങ്ങ്. തോട്ടത്തിൽനിന്ന് എടുക്കുന്ന നീര കർഷകന്റെയും തൊഴിലാളിയുടെയും പാസ്ബുക്കിൽ രേഖപ്പെടുത്തി സംസ്കരണശാലയിൽ എത്തിക്കണം . ചിലരെങ്കിലും ആശങ്കപ്പെടുന്നപോലെ ഇത് നിലവിലുള്ള തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുകയില്ലെന്ന് മാത്രമല്ല പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യും. 18 കോടി തെങ്ങുകൾ ഉള്ള കേരളത്തിൽ പത്ത് ശതമാനം തെങ്ങ് നീരടാപ്പിംഗിനായി മാറ്റിയാൽ ഉണ്ടാവുന്ന വരുമാനം അവിശ്വസനീയമാണ്. ലോകം മുഴുവൻ മത്സരബുദ്ധിയോടെ മുൻപോട്ടോടുമ്പോൾ പിമ്പോട്ട് നടന്നാൽ കേരളജനത കനത്ത വില നൽകേണ്ടിവരും.